## 942

*രീതി: യേശു മഹേശാ നിൻ സന്നിധി*

1 എന്നു നീ വന്നിടുമേശു മഹേശനേ!
ഇന്നുള്ള തുമ്പങ്ങൾ തീർന്നിടുവാൻ -പ്രിയാ!
നിന്നോടണഞ്ഞു ഞാൻ വാണിടുവാൻ

2 വിണ്ണിൽ ഹാ വീടുകൾ തീർത്തിട്ടു വേഗം ഞാൻ
വന്നിടാമെന്നുര ചെയ്തവനേ-നാഥാ!
വന്നിടാൻ താമസമെന്തിനിയും?-

3 മന്നിലെ ജീവിതം ക്ലേശഭൂയിഷ്ഠമാം
നിന്നജങ്ങൾക്കിഹം യോഗ്യമല്ല-വേഗം
വന്നു നിന്നന്തികേ ചേർത്തിടണേ

4 ഭിന്നതയാലിന്നു നിൻജനം താണിടാ-തുന്നത ശക്തിയാൽ
താങ്ങിടണേ-എല്ലാ മന്ദതയും നീക്കി കാത്തിടണേ-

5 മന്നനേ സുന്ദരാ! നിൻ മുഖം കണ്ടിടാൻ
എന്നുള്ള വാഞ്ഛിച്ചു മോഹിക്കുന്നേ-നിന്റെ
പൊന്നു മുഖം കണ്ടൊന്നാനന്ദിഷാൻ

6 ഉന്നത നന്ദനാ! എൻ പ്രിയ കാന്തനേ!
വന്നു നിൻ രാജ്യത്തിൽ ചേർത്തിടണേ-ഞങ്ങൾ
ഒന്നായിട്ടങ്ങെന്നും വാണിടുവാൻ- **G.P.**